File No.FWLD-D2/267/2019-FWLD

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.923 | 30.10.2019 ന് മറുപടിയ്ക്ക്

## വനമേഖലകളിലെ വന്യമൃഗാക്രമണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വനമേഖലകളിൽ വന്യമൃഗാക്രമണം തടയുന്നതിനായി സോളാർ വേലികൾ അടക്കമുള്ളവ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വനമേഖലകളിൽ വന്യമൃഗാക്രമണം തടയുന്നതിനായി വന്യമൃഗാക്രമണം രൂക്ഷമായ മറ്റത്തൂർ, കൊന്നക്കുഴി, മോതിരക്കണ്ണി, പീലാർമുഴി, പണ്ടാരംപാറ എന്നീ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ആവശ്യമായ സ്ഥലങ്ങളിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിനും, കേടുവന്ന സൗരോർജ്ജ വേലികളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ? | (ബി) | പരിയാരം റെയിഞ്ചിലെ പണ്ടാരംപാറ മുതൽ വേട്ടിക്കുഴി വരെ 8 കി.മീറ്ററും, വൈശ്ശേരി മുതൽ മോതിരക്കണ്ണി വരെ 1 0 കി.മീറ്ററും സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിനുള്ള അടങ്കൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ